# “അധികം സന്തോഷം”

സങ്കീർത്തനം 4:7

‘‘ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എനിക്ക് നൽകിയിരിക്കുന്നു.’’

ഒരു കൃഷിക്കാരൻ കൃഷി ചെയ്താൽ നല്ല വിളവിനായി ആഗ്രഹിക്കും. പ്രതീക്ഷിച്ചതിലും അധികം വിളവ്, അല്ലെങ്കിൽ ധാന്യം ലഭിക്കുമ്പോൾ അതിരറ്റ് സന്തോഷിക്കുകയും ചെയ്യും. എന്നാൽ ഇവിടെ ധാന്യം എന്നത് ഭൗതീകമായ അനുഗ്രഹങ്ങളുടെ പ്രതീകമായി കൂടി ചിത്രീകരിച്ചിരിക്കുന്നു. എന്തൊക്കെയാണ് ഈ ഭൗതീകമായ അനുഗ്രഹങ്ങൾ? പണം, അറിവ്, പദവികൾ ഇവയെല്ലാം ഇതിൽ പെടുന്നു. എന്നാൽ ഇവ ലഭിക്കുമ്പോൾ കിട്ടുന്നതിനേക്കാൾ അധികം സന്തോഷമാണ് ദൈവത്തിന്റെ പക്കലുള്ളത് എന്ന് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അത് മഹാസന്തോഷമാണ്.

ദൈവത്തിന്റെ പക്കൽ ഇത്രയും സന്തോഷമുണ്ടെങ്കിൽ നാം ഇന്ന് എന്തു കൊണ്ട് അത് അനുഭവിക്കുന്നില്ല.?

സങ്കീർത്തനം 16:11

‘നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും നിന്റെ വലത്തു ഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്.’

എന്താണ് ഈ സന്തോഷ പരിപൂർണ്ണത? ദൈവം തരുന്ന സന്തോഷത്തിന്റെ അത്രയും സന്തോഷം തരാൻ ഈ ലോകത്തിൽ മറ്റൊന്നിനും സാദ്ധ്യമല്ല എന്നതാണതിന്റെ അർഥം. എങ്കിൽ പിന്നെ ഈ പൂർണ്ണ സന്തോഷം വെടിഞ്ഞ് നാം പിന്നെന്തിന് ഭാഗീകമായ സന്തോഷത്തിന്റെ പിറകെ പോകണം.

ലൂക്കോസ് 2:10

‘ദൂതൻ അവരോട്: ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു.’’

ഏദൻ തോട്ടത്തിൽ വച്ച് പാപം ചെയ്തതിലൂടെ കടന്നു വന്ന ഭയം മനുഷ്യന്റെ ദൈവീക സന്തോഷത്തെ മാറ്റിക്കളഞ്ഞപ്പോൾ, യേശുക്രിസ്തു എന്ന പാപപരിഹാര യാഗത്തിലൂടെ ഭയം മാറി അവന് മഹാസന്തോഷം ലഭിക്കുന്നു എന്നാണ് ഈ വാക്യത്തിൽ നാം കണ്ടത്.

ദൈവസന്നിധിയിലേക്ക് ഓടിച്ചെന്നാൽ ഈ സന്തോഷം പ്രാപിക്കാം, ധാന്യവും വീഞ്ഞും വർദ്ധിക്കുമ്പോൾ കിട്ടുന്നതിലും അധികമായ സന്തോഷം, അതായത് സന്തോഷത്തിന്റെ പരിപൂർണ്ണത. എന്നിട്ടും മനുഷ്യർ എന്തു കൊണ്ട് ദു:ഖിതരായി ജീവിക്കുന്നു, അസ്വസ്ഥമായ മനസ്സുമായി ജീവിതം തള്ളി നീക്കുന്നു, ഭാരപ്പെടുന്നു?

ഉത്തരം ഒന്നേയുള്ളൂ. ദൈവത്തിന്റെ അടുത്തേക്ക് വരാനോ ഈ ദൈവീക സന്തോഷം അനുഭവിക്കുവാനോ മനുഷ്യർ തയ്യാറാകുന്നില്ല. പകരം ലോകം നൽകുന്ന താത്കാലിക സന്തോഷങ്ങൾക്കും നേട്ടത്തിനും പിന്നാലെ പായുന്നു. ഈ സന്തോഷം ദൈവത്തിന്റെ സന്നിധിയിൽ ഉണ്ടെങ്കിൽ അത് നാം പ്രാപിച്ചെടുക്കണം. അത് നാം രുചിച്ച് നോക്കണം. അനുഭവിച്ച സന്തോഷം പ്രകടമാക്കണം.

അതുകൊണ്ട് സകല ഭാരവും അവന്റെ മേൽ വിട്ടുകൊണ്ട് വിശ്വാസക്കണ്ണാൽ ദൈവത്തെ കണ്ടുകൊണ്ട്, സ്വതന്ത്രമായമനസ്സോടെ നമുക്ക് ദൈവീക സന്തോഷത്തിന്റെ പരിപൂർണ്ണത ആസ്വദിക്കാം. ലോക ഇമ്പങ്ങളോട് യാത്ര പറയാം. വെള്ളത്തിൻ കുമിളപോലുള്ള ജഢീക സുഖങ്ങളെ ഉപേക്ഷിക്കാം. സർവ്വശക്തനായ ദൈവം സൗജന്യമായി തരുന്ന ആ മഹാസന്തോഷം ഏറ്റെടുക്കാം. ഈ സന്തോഷത്തോടെ നമ്മുടെ ജീവിതത്തെ നയിക്കാം. കർത്താവിനായി കാത്തിരിക്കാം.

പരാമർശം :

ഫിലിപ്പിയർ 4:4

“കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 004